Research Paper
Peer Reviewed Journal

ISSN-2455-0736 (Print)
ISSN-2456-4052 (Online)

# സൈബറിടത്തിലെ മലയാള കവിത

**Sonia Jose**
Research Scholar
*soniyajose.k@rediffmail.com*

**സംഗ്രഹം**

**ലോക ജനത ബഹുഭാഷാത്വവുമായി നേർക്കുനേർ നിൽക്കുന്ന ഇടമാണ് ഇന്റർനെറ്റ്. മലയാളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് സൈബർ സ്പെയിസിൽ പ്രത്യക്ഷപ്പെടുന്ന സാഹിത്യം എണ്ണംകൊണ്ട് വളരെ അധികവുമാണ്. മലയാള സൈബർസാഹിത്യത്തിലെ കവിതകളെക്കുറിച്ച് അവലോകനം നടത്താനുള്ള ശ്രമമാണിതിൽ**

പോസ്റ്റ് മോഡേണിസത്തിന്റെ കാലം കഴിഞ്ഞുവെന്നും പുതിയഘട്ടം ആരംഭിച്ചിരിക്കുന്നുവെന്നും പുതിയ എഴുത്തുകൾ പറയുമ്പോൾ അവിടെയെല്ലാം അവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങളിൽ പ്രധാനപങ്ക് സൈബർ ലോകത്തിനുണ്ട്. സാങ്കേതിക വിദ്യയുടെ നൂതന സാധ്യതകൾ രൂപം നൽകിയ പുതിയ സാഹിത്യ ജനുസ്സാണ് സൈബർ സാഹിത്യം. സൈബർലോകം സൃഷ്ടിക്കുന്ന പുതിയ ക്രമങ്ങൾ ഇവിടെ പ്രധാനമായിത്തീരുന്നു.

മലയാള നിരൂപണ രംഗത്ത് വ്യത്യസ്ഥ നിലകളിൽ ഉപയോഗിച്ചിട്ടുള്ള ഒരു പദമാണ് സൈബർ സാഹിത്യം. കൃതിയുടെ ഭാവുകത്വത്തിന്റെയും അത് പങ്കുവെയ്ക്കുന്ന വിഷയ മേഖലയുടെയും അടിസ്ഥാനത്തിൽ സംജ്ഞയെ തിരിച്ചറിയുന്നതിന്റെ ഭാഗമായാണ് സൈബർ സാഹിത്യത്തെ നാം വേർതിരിച്ചറിയുന്നത്. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സ്വാധീനം ജീവിതരീതിയിൽ കൊണ്ടുവന്ന പരിണാമങ്ങളാണ് സൈബർ സാഹിത്യരചനകളുടെ അടിസ്ഥാനം. ഭൂഗോളത്തെ മുഴുവൻ ബന്ധിപ്പിച്ചിരിക്കുന്ന ഒരു നെറ്റ് വർക്ക് മാത്രമല്ല, നാം ജീവിക്കുന്ന ഒരു പ്രതീതിലോകം കൂടിയാണ് ഇന്റർനെറ്റ്. ലോകം എന്ന സങ്കല്പത്തെത്തന്നെ അത് മാറ്റി മറിക്കുന്നു. കർത്തൃത്വം, സ്വത്വം, ശരീരം, കാമന, യാഥാർത്ഥ്യം, എഴുത്ത് തുടങ്ങിയ അനേകം സംവർഗ്ഗങ്ങളേയും അത് പരിവർത്തന വിധേയമാക്കുന്നു. ഈ മാറ്റം സൃഷ്ടിക്കുന്ന അന്തരീക്ഷത്തിലാണ് സൈബർ സാഹിത്യം രചിക്കപ്പെടുന്നത്. ഉത്തരാധുനികമായ സാഹിത്യ ഭാവനകളുടെ അടയാളങ്ങളാണ് ഈ രചനകൾ.

ഇന്ന് സൈബർ സാഹിത്യം എന്ന സംജ്ഞ ഇന്റർനെറ്റിൽ - ബ്ലോഗ്, വെബ് മാഗസിൻ, വെബ് സൈറ്റുകൾ എന്നിവിടങ്ങളിൽ- പ്രസിദ്ധീകരിക്കുന്ന സാഹിത്യ രചനകളെ കുറിക്കാനാണ് ഉപയോഗിക്കുന്നത്. വാമൊഴി എന്നും വരമൊഴി എന്നും സാഹിത്യത്തെ വിഭജിക്കുന്നതു പൊലെയുള്ള ഒരു വിഭജനമാണ് ഒരർത്ഥത്തിൽ ഇവിടെ നടക്കുന്നത്. നിലനിന്ന അച്ചടി മാധ്യമങ്ങളിൽ നിന്നും വ്യത്യസ്ഥമായി കമ്പ്യൂട്ടറും ഇന്റർനെറ്റും നൽകുന്ന സാധ്യതകളാണ് ഇതിനെ വേറിട്ടതാക്കുന്നത്. ആ ഇടം നൽകുന്ന സാങ്കേതിക സൗകര്യങ്ങളെ ഉപയോഗിക്കാതിരുന്നാൽ പോലും പ്രസിദ്ധീകരണത്തിലുള്ള മറ്റു ഘടകങ്ങളിലുള്ള വൈവിധ്യത്താൽ അത് സൈബർ സാഹിത്യം തന്നെ. ഒരേ കവിത അച്ചടി മാധ്യമത്തിലും ബ്ലോഗിലും പ്രസിദ്ധീകരിച്ചാൽ ബ്ലോഗിലേത് സൈബർ സാഹിത്യമെന്ന വിഭാഗത്തിൽപെടുമെന്നു സാരം. (മലയാള സാഹിത്യത്തിലെ ആദ്യകാല സൈബർ കൃതികളെന്നു വിശേഷിക്കപ്പെട്ട സാഹിത്യരൂപങ്ങളുടെ അടിസ്ഥാന സങ്കല്പങ്ങൾ ഇവിടെ ചോദ്യചിഹ്നമാകുന്നു.) ഒരർത്ഥത്തിൽ സ്ഥലകാല സങ്കല്പങ്ങളിൽ അച്ചടി മാധ്യമങ്ങളിൽ നിന്ന് ഭിന്നമായ തലം, പത്രാധിപരിൽ നിന്നുള്ള സ്വാതന്ത്ര്യം, പുതുക്കലുകൾക്കുള്ള സാധ്യത, ചർച്ചകൾക്കുള്ള വ്യത്യസ്തമായ ഇടം, വായനാരീതിയിലുള്ള മാറ്റം എന്നീ ഘടകങ്ങളെല്ലാം ഇവിടെ ഏറെ പ്രധാനമാകുന്നു. ഇതുകൂടാതെ ബഹുമാധ്യമ സാധ്യതകൾ ഇവിടെ ലഭ്യമാണെന്നതും ഹൈപ്പർ ടെക്സ്റ്റ് സാധ്യതകളെ ഉപയോഗപ്പെടുത്താം എന്നതുമെല്ലാം സൈബർ സാഹിത്യത്തെ അച്ചടി സാഹിത്യത്തിൽനിന്ന് ഭിന്നമാക്കുന്നു. ഇത്തരത്തിൽ സാഹിത്യത്തിന്റെ നിലനിൽക്കുന്ന സാധ്യതകളെ ഘടനാപരമായി പൊളിച്ചെഴുതുന്നു സൈബർ സാഹിത്യം എന്നു പറയാം.

സൈബറിടങ്ങളിൽ മലയാളം ദൃശ്യമാകുന്ന ഇടങ്ങൾ വെബ് സൈറ്റുകൾ, വെബ് പോർട്ടലുകൾ, ബ്ലോഗുകൾ, സാമൂഹ്യ ശൃംഖലാ സൈറ്റുകൾ എന്നിവിടങ്ങളിലാണ്. ഇക്കൂട്ടത്തിൽ മലയാളം ആദ്യം പ്രത്യക്ഷപ്പെട്ടത് വെബ്സൈറ്റുകളിലാണെങ്കിലും ഇന്ന് ഏറ്റവും കൂടുതൽ ദൃശ്യമാവുന്നത് യഥാക്രമം ബ്ലോഗുകളിലും സാമൂഹ്യ സമ്പർക്കസൈറ്റുകളിലുമാണ്. മലയാളം ബ്ലോഗുകവിതകളെ സമാഹരിച്ചുകൊണ്ട് നടത്തിയ പഠനത്തിൽ സച്ചി

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ദാനന്ദൻ ഇങ്ങനെ നിരീക്ഷിക്കുന്നു: മറ്റേതു സാഹിത്യശാഖയേക്കാൾ കവിതതന്നെയാണ് ഈ നാലാമിടത്തെ (സൈബറിടം) വേദിയാക്കിയിട്ടുള്ളതെന്നു നിസ്സംശയം പറയാം. ഇത് മലയാളത്തെ സംബന്ധിച്ചും മാത്രമല്ല ഇതര ഭാഷകളെ സംബന്ധിച്ചും നേരാണ്. ചുരുക്കത്തിൽ ഇന്റർനെറ്റിലൂടെ സംഭവിച്ചിരിക്കുന്നത് കവിതയുടെ ഒരു വിസ്ഫോടനം തന്നെയാണ്. ബ്ലോഗുസാഹിത്യത്തിൽ കവിതകളുടെ ആധിക്യത്തിനു കാരണങ്ങളായി അദ്ദേഹം കണ്ടെത്തുന്നത് കവിത ഏറ്റവും ഹൃദയാഭിമുഖമായ- ഇന്റിമേറ്റ് ആയ ആവിഷ്ക്കാരമാണെന്നതും, അതിന്റെ രൂപം പുതിയ ഇടത്തിനും പുതിയ ജീവിതത്തിന്റെ വേഗത്തിനും നന്നായി ഇണങ്ങുന്നതാണെന്നതും ആണ്.

ബ്ലോഗുകവിതകളിൽ അച്ചടിക്കവിതകളിൽ നിന്നും പൂർണ്ണമായും വേറിട്ട ഒരു വ്യക്തിത്വം സ്വരൂപിച്ചിട്ടുണ്ടെന്നു പറയാനാവില്ല. എന്നാൽ ചില പൊതുസ്വഭാവങ്ങൾ കാണാനാവുന്നതാണ്. ഭൂതകാലഭാരം തീരെയില്ലാത്ത ബിംബങ്ങൾ, അസോസിയേഷനുകൾ, ഗദ്യതാളങ്ങൾ, ഘടനകൾ, വാക്സംയുക്തങ്ങൾ, ലജ്ജയില്ലാതെയുള്ള ഇംഗ്ലീഷിന്റെ ഉപയോഗം, വ്യത്യസ്തമായ പ്രകൃതിയുടെയും സംസ്കാരത്തിന്റെയും സാന്നിധ്യം ഇവയൊക്കെ ഈ രചനകൾക്ക് പുതിയൊരു ടെക്സ്ചർ നൽകുന്നതായി കാണാം. മലയാളത്തിലെ മുഖ്യധാരാ കവിതയിൽ കാണാത്ത ഒരനുഭവലോകം ഇതിൽ പലതിലുമുണ്ട്.

മാധ്യമ വ്യവഹാരങ്ങൾ സൃഷ്ടിച്ച പ്രതീതിയുടെയും യാഥാർത്ഥ്യത്തിന്റെയും ദൃശ്യലോകത്തിരുന്നാണ് ബ്ലോഗുകവികൾ കവിതയുടെ പണിയാല തീർക്കുന്നത്. ഇതുവരെ നിർവചിച്ചുപോന്ന പുതു കവിതയുടെ പദാവലികൾ അതുകൊണ്ടുതന്നെ ഇവരുടെ കവിതകളെ വിശകലനം ചെയ്യാൻ പോരാതെ വരുന്നു എന്നു നിരീക്ഷിച്ച് പുതു കവിതയെ ന്യൂമീഡിയാട്രിക് പൊയട്രി (നവമാധ്യമീകൃത കവിത) എന്ന രീതിയിലാണ് സമീപിക്കേണ്ടതെന്ന് സുധീഷ് കോട്ടേമ്പ്രം അഭിപ്രായപ്പെടുന്നു. ഈ പേരിനടിസ്ഥാനം നവമാധ്യമങ്ങൾ കവിതയ്ക്ക് പ്രതലമാകുന്നതുകൊണ്ടല്ല, മറിച്ച് കവിതയുടെ ഘടനയിലും ഭാവുകത്വത്തിലും രൂപപ്പെട്ട മാധ്യമ ബോധത്തിന്റെ അടിസ്ഥാനത്തിലാണ്. അതിൽ പുതിയ ചിത്രകലയുടെയും സിനിമയുടെയുംവരെ ആഖ്യാന സമ്പ്രദായങ്ങളുണ്ട്.

വീടും നാടും വിട്ടുപോയവരുടെ (ഭൗതികമായോ, മാനസികമായോ) താത്കാലിക വിശ്രമതാവളങ്ങളായി മാറുന്നു പലപ്പോഴും സാമൂഹ്യശൃംഖലാസൈറ്റുകളും ബ്ലോഗുകളുമൊക്കെ. അവിടെ നിന്നുകൊണ്ട് തന്നെയും , വീടിനെയും, വീടില്ലായ്മയെയും , നാടിനെയും, പ്രവാസസ്ഥലങ്ങളേയും , പ്രപഞ്ചത്തെയും , മനുഷ്യബന്ധങ്ങളെയും, സമകാലിക ജീവിതത്തെയുമൊക്കെ വിഘടിപ്പിച്ച് ശലകങ്ങളാക്കി ദർശിക്കുന്നു ഈ ഉത്തരാധുനിക സ്ക്രീൻ ജനത.

ആൾക്കൂട്ടത്തിൽ, ദേശാന്തരങ്ങളിൽ, മായക്കാഴ്ചയിൽ, പരുക്കൻ യാഥാർത്ഥ്യങ്ങളിൽ ഒറ്റപ്പെട്ടു നിൽക്കുന്ന മനുഷ്യരുടെ വേറിട്ട സ്ക്രീൻ കാഴ്ചകളാണവ. കോട്ടയത്തു നിന്നൊരു ക്വാളീസ് നിറയെ സങ്കടം നിറച്ച് മരണവീട്ടിലേക്കു പോകുന്ന വണ്ടി കള്ളുഷാപ്പിലേക്ക് കരഞ്ഞിറങ്ങുന്ന ദുരന്തയാഥാർത്ഥ്യത്തെ കാണിച്ചുതന്നും (രവി കുമാർ. എം.ജി), ജീവിതത്തിന്റെ അധ്യായങ്ങളായി ഷെൽഫിൽ അടുക്കി വെച്ചിരിക്കുന്ന സാരികൾക്കിടയിൽനിന്ന് ജന്മം മടുത്തുവെങ്കിൽ ഞാനുണ്ട് എന്നാശ്വസിപ്പിക്കുന്ന ഷിഫോൺ സാരിയെ കാട്ടിത്തന്നും (ദേവസേന), പല ചെടികൾ നിന്നു കരിയുന്ന മീസാൻ കല്ലുകളുടെ ശ്മശാനമായ മനുഷ്യരെ അവതരിപ്പിച്ചും (കെ.പി റഷീദ്) ഒക്കെ ബ്ലോഗുകവിത നമ്മുടെ ഭാവുകത്വത്തെ മാറ്റിമറിക്കുന്നു.

ബ്ലോഗുകവി അനുഭവിക്കുന്ന സ്വാതന്ത്ര്യത്തെപ്പറ്റി വിഷ്ണുപ്രസാദ് ഇങ്ങനെ വിവരിക്കുന്നു: എഴുത്തുഭാഷയിൽ അച്ചടിസാഹിത്യകാരനേക്കാൾ സ്വാതന്ത്ര്യം സൈബർ സാഹിത്യകാരൻ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട്തന്നെ അധീശസമൂഹം പടിക്കു പുറത്തു നിർത്തിയിരിക്കുന്ന വാക്കുകൾക്കും വിചാരങ്ങൾക്കും ഇവിടെ സ്ഥാനമുണ്ട്. പുതിയ എഴുത്തുകാർ ഇത് ഭംഗിയായി ഉപയോഗിക്കുന്നുമുണ്ട്. അങ്ങനെ രൂപഘടനയിൽ, ഭാഷയിൽ, വിഷയ സ്വീകരണത്തിൽ എല്ലാംതന്നെ സൈബർ മാധ്യമങ്ങൾ കവിതയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു.

## അടിക്കുറിപ്പുകൾ

1. കെ. സച്ചിദാനന്ദൻ, എഡി. നാലാമിടം, ഡി.സി ബുക്സ് കോട്ടയം, 2011.

2. പി.കെ രാജശേഖരൻ, ഏകാന്തനഗരങ്ങൾ, ഡി.സി ബുക്സ് കോട്ടയം, 2000.

3. പി,പി രാമചന്ദ്രൻ, തിരമൊഴി, സൈബർ മലയാളം, എ.ഡി. സുനീത, ടി.വി കറന്റ് ബുക്സ്, തൃശൂർ, 2009.

4. സുധീഷ് കോട്ടേമ്പ്രം, നവമാധ്യമകാലത്തെ കവിതയുടെ പ്രയോഗങ്ങൾ, സമകാലിക മലയാളം വാരിക, 15,50 മെയ് 2012.

5. ഡോ. ജോസ് കെ മാനുവൽ, എഡി. നവമാധ്യമങ്ങൾ, എസ്.പി.സി.എസ്, കോട്ടയം ഫെബ്രുവരി, 2014.